# കേരള സർവകലാശാല

## തിരുവനന്തപുരം, കേരളം

നമ്പർ. എ.ഡി.ഡി 2.യൂ.ഹോ.തൈ /പ്രവേശനം /06/2018 തിയതി : ....06.2018

<u>വിജ്ഞാപനം</u>

കേരള സർവകലാശാലയുടെ കീഴിലുള്ള ഗവണ്മെന്റ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ വിദ്യാർഥിനികൾക്ക് തൈക്കാട്ടുള്ള സർവകലാശാല വനിതാ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചു കൊള്ളുന്നു. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലും നിലവിലുള്ള ഹോസ്റ്റൽ പ്രവേശന നിയമങ്ങളും അനുസരിച്ചായിരിക്കും.

ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ. ***<u>http://hostel.keralauniversity.ac.in</u>*** എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ 26/06/2018 തീയതി മുതൽ ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്. അപേക്ഷ പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്

ഒപ്പ്
രജിസ്ട്രാർ

## അപേക്ഷ പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1 ഓൺലൈൻ അപേക്ഷയിലെ ഓരോ രേഖപ്പെടുത്തലുകളും ശ്രദ്ധയോടെ ചെയ്യേണ്ടതാകുന്നു. ഒരിക്കൽ നൽകിയ വിവരങ്ങൾ ഭാവിയിൽ മാറ്റം വരുത്തുവാൻ കഴിയുന്നതല്ല.

2. ബിരുദ പ്രവവേശനത്തിനു സമർപ്പിച്ച അപേക്ഷയിലെ വിലാസം തന്നെ ഹോസ്റ്റൽ പ്രവേശനത്തിനും ഉപയോഗിക്കേണ്ടതാണ്. ഒരിക്കൽ നൽകിയ മേൽവിലാസം യാതൊരുകാരണവശാലും മാറ്റം വരുത്തുവാൻ കഴിയുന്നതല്ല.

3. പ്രത്യേക ആനുകൂല്യത്തിന് അർഹതയുള്ള വിദ്യാർഥിനികൾ (ബി. പി. ൽ വിഭാഗം, എസ് .സി/ എസ്സ് ടി വിഭാഗം, പി . എച്ച് വിഭാഗം ) ആ വിവരങ്ങൾ അപേക്ഷയിൽ ചേർക്കുകയും സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും വേണം. അപേക്ഷ സമർപ്പിച്ചതിനുശേഷം പിന്നീടുള്ള യാതൊരു അവകാശവാദവും പരിഗണിക്കുന്നതല്ല.

4. ഹോസ്റ്റൽ പ്രവേശനം ലഭിക്കുന്നതിനുള്ള കുറഞ്ഞ ദൂരപരിധി (ഹോസ്റ്റലും താമസ . സ്ഥലവുമായുള്ള ദൂരം ) 40 കി മീ ആണ്

ഒപ്പ്
രജിസ്ട്രാർ